വിഴിഞ്ഞത്ത് കടലിൽ മുങ്ങിയ ടഗ്ഗ് മാറ്റാനായില്ല

ബെർത്ത് നിർമ്മാണം അനിശ്ചിതത്വത്തിൽ

ഷജൻ കാവുങ്ങൽ

വിഴിഞ്ഞം: കടലിൽ മുങ്ങിയ ടഗ്ഗ് മാറ്റാനാകാത്തതിനാൽ കോസ്റ്റ് ഗാർഡിന്റെ ബെർത്ത് നിർമ്മാണം അനിശ്ചിതത്വത്തിൽ. വലിയ കപ്പലുകൾ അടുപ്പിക്കുന്നതിനു വേണ്ടി ആധുനിക സൗകര്യങ്ങളോടുകൂടിയ ബെർത്ത് നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചെങ്കിലും ടഗ്ഗ് മാറ്റാത്തതിനാൽ നിർമാണം തുടങ്ങാനായില്ല.

KAUMUDI ALERT

രണ്ടു വർഷം മുൻപ് ഏഴ് കോടി രൂപ ചെലവിൽ ബെർത്ത് നിർമ്മിക്കാൻ നടപടികൾ പൂർത്തിയാക്കി നിർമ്മാണോദ്ഘാടനവും നടത്തിയിരുന്നു. 40 മീറ്റർ നീളത്തിൽ നിർമ്മിക്കുന്ന ബെർത്തിന്റെ പൈലിംഗ് ജോലികൾ പൂർത്തിയാകേണ്ട സമയം കഴിഞ്ഞുവെന്ന് നിർമാണ ചുമതലയുള്ള ഹാർബർ എൻജിനിയറിംഗ് അധികൃതർ പറഞ്ഞു.

ബ്രഹ്മേക്ഷര ടഗ്ഗ് മുങ്ങിയ നിലയിൽ (ഈ ഭാഗത്താണ് ബെർത്ത് നിർമ്മാണത്തിനായി പൈലിംഗ് ആരംഭിക്കേണ്ടത്)

വർഷങ്ങളായി പുതിയ വാർഫിൽ തുടർന്നിരുന്ന മുംബയ് ടഗ്ഗ് ബ്രഹ്മേക്ഷര നവംബർ 28ന് പുലർച്ചെ മുങ്ങിയതോടെ ഇതിൽ സൂക്ഷിച്ചിരുന്ന ഡീസൽ കടലിൽ പരന്നിരുന്നു. ടഗ്ഗിന്റെ അടിഭാഗം പൊട്ടിയാണ് ഇന്ധനം ചോർന്നത്. മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതർ സ്ഥലത്തെത്തി നിയന്ത്രണ നടപടികൾ സ്വീകരിച്ചിരുന്നു.

ബെർത്തിനായി അനുവദിച്ചത്	ബെർത്തിന്റെ നീളം
7 കോടി രൂപ	40 മീറ്റർ

ടഗ്ഗിൽ ഉണ്ടായിരുന്നത് 4000 ലിറ്റർ ഡീസൽ

തുറമുഖവകുപ്പിന്റെയും തീരസംരക്ഷണ സേനയുടെയും അഗ്നിശമനസേനയുടെയും നേതൃത്വത്തിൽ ടഗ്ഗിലെ ചോർച്ച അടച്ചു. 4000 ലിറ്റർ ഡീസലാണ് ടഗ്ഗിൽ ഉണ്ടായിരുന്നത്. ഇതിൽ എത്ര ലിറ്റർ ചോർന്നെന്ന് ഇതുവരെയും കണ്ടെത്താനായിട്ടില്ല. അവശേഷിക്കുന്ന ഇന്ധനം നീക്കം ചെയ്യുന്നതിനും ഉയർത്തുന്നതിനും പോർട്ട് ട്രസ്റ്റ് അധികൃതരുടെ സാങ്കേതിക സഹായം ആവശ്യപ്പെട്ടിരുന്നു.

നാലു തവണ ഇ- ടെൻഡർ വിളിച്ചിരുന്നെങ്കിലും യോഗ്യരായവർ എത്തിയില്ല. 2015ൽ ഉത്തുകുടിയിൽ കല്ല് കയറ്റി മാലിയിൽ എത്തിച്ച ശേഷം തിരികെ മടങ്ങവെ പാറയിൽ തട്ടി ഇന്ധന ചോർച്ച ഉണ്ടായതിനെ തുടർന്ന് അധികൃതരുടെ സഹായത്തോടെ വിഴിഞ്ഞത്തെ പുതിയ വാർഫിൽ ടഗ്ഗ് അടുപ്പിക്കുകയായിരുന്നു. ബാങ്കിൽ നിന്നു 10 കോടിയിലധികം രൂപവായ്പ എടുത്തവകയിലും ശമ്പളം നൽകാത്തതിനെ തുടർന്ന് ജീവനക്കാർ നൽകിയ കേസും ടഗ്ഗിനെതിരെ നിലവിലുണ്ട്. കടൽക്ഷോഭത്തിൽ ടഗ്ഗ് ബന്ധിച്ചിരുന്ന വാർഫിൽ ഇടിച്ച് കേടുപാടുകളുണ്ടായി. ഈ ഇനത്തിലും വാർഫ് വാടക ഇനത്തിലും തുറമുഖവകുപ്പിന് നല്ലൊരു തുക ലഭിക്കാനുണ്ട്.

വെള്ളി അങ്കി മോഷണം: രണ്ടു പേർ അറസ്റ്റിൽ

വെഞ്ഞാറമൂട്: വെള്ളിഅങ്കിമോഷണം പോയതുമായിബന്ധപ്പെട്ട കേസിൽ രണ്ടു പേർ അറസ്റ്റിലായി. പിരപ്പൻകോട് കല്ലുവെട്ടാൻകുഴി വീട്ടിൽ സുധി എന്നറിയപ്പെടുന്ന സഞ്ജയ് (24), വയറ്റിനു സമീപം കുഴിവിള കോളനിയിൽ കുഴിവിള വീട്ടിൽ കിച്ചി എന്നറിയപ്പെടുന്ന ഭരത്(19) എന്നിവരാണ് അറസ്റ്റിലായത്.

ഇക്കഴിഞ്ഞ ബുധനാഴ്ച വൈകിട്ടാണ് മഠത്തിലെ പത്തായപ്പുരയിൽ സൂക്ഷിച്ചിരുന്ന ദേവീവിഗ്രഹം മോഷണം പോയത്. അന്നുതന്നെ മഠത്തിലെ താമസക്കാർ വെഞ്ഞാറമൂട് പൊലീസിൽ പരാതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ സമീപത്തെ വീടുകളിൽ സ്ഥാപിച്ചിരുന്ന സി.സി ടിവികളിൽ നിന്നുള്ള ദൃശ്യങ്ങളും ശേഖരിച്ചിരുന്നു.

അറസ്റ്റിലായ പ്രതികൾ

മോഷണ ദിവസം വൈകിട്ട് മഠത്തിനു സമീപം ഒരു ബൈക്കിൽ മൂന്നു പേർ ഒരു പൊതിയുമായി പോകുന്നിന്റെ ദൃശ്യം പൊലീസിൽ സംശയം ജനിപ്പിച്ചു. തുടരന്വേഷണത്തിൽ ശനിയാഴ്ച പുലർച്ചെ വേങ്കമല ക്ഷേത്ര പരിസരത്ത് നിന്നു സംശയാസ്പദമായ നിലയിൽ കണ്ട സഞ്ജയിനെ കസ്റ്റഡിയിലെടുത്ത് ചോദ്യംചെയ്തതോടെയാണ് നിർണായക വിവരങ്ങൾ ലഭിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ കേസിലെ മറ്റൊരു പ്രതിയായ ഭരതിനെ ഉച്ചയോടെ കുഴിവിള കോളനിയിൽ നിന്ന് കസ്റ്റഡിയിലെടുത്തു. തുടർന്നുള്ള ചോദ്യം ചെയ്യലിൽ ഇരുവർക്കും മോഷണത്തിലുള്ള പങ്ക് വ്യക്തമായതോടെ പ്രതികളെയും കൂട്ടി പൊലീസ് മഠത്തിനു സമീപത്തുള്ള കുറ്റിക്കാട്ടിൽ ഒളിപ്പിച്ചിരുന്ന വിഗ്രഹം കണ്ടെടുക്കുകയായിരുന്നു. വെഞ്ഞാറമൂട് സർക്കിൾ ഇൻസ്പെക്ടർ എസ്.ജയകുമാർ, എസ്.ഐ. തമ്പിക്കുട്ടി, ഗ്രേഡ് എസ്.ഐ.മാരായ എം.മധു, അജികുമാരൻ നായർ, സിവിൾ പൊലീസ് ഓഫീസർമാരായ ഉമേഷ്, സജി, മഹേഷ്, ജയകുമാർ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

സൂര്യാഘാതമേറ്റ് കരുണാകരന്റെ മരണം; ഞെട്ടൽ വിട്ടുമാറാതെ നാട്ടുകാർ

തിരുവനന്തപുരം: പാറശാലയിൽ സൂര്യാഘാതമേറ്റ് ഗൃഹനാഥൻ മരിച്ചതിന്റെ ഞെട്ടലിലാണ് നാട്ടുകാർ. നെയ്യാറ്റിൻകര അഡിഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതിയിൽ ക്ലാർക്കായ കരുണാകരൻ ദിവസവും രാവിലെയും വൈകിട്ടും പതിവായി ഏലായിലേക്ക് കൃഷിപണിക്കായി പോകാറുണ്ട്. ഇന്നലെ രാവിലെ പള്ളിയിൽ പോയി വന്നതിന് ശേഷം ഊർജ്ജസ്വലനായി കൃഷിയിടത്തിലേക്ക് സൈക്കിളിൽ പോയ കരുണാകരന്റെ മുഖം ഇപ്പോഴും നാട്ടുകാർക്ക് ഓർമ്മയുണ്ട്.

വീടിന് സമീപത്തും നിന്നും കഷ്ടിച്ച് അര കിലോമീറ്റർ അകലെയായാണ് കൃഷിസ്ഥലം. പാട്ടത്തിനെടുത്താണ് ഏലായിലാണ് കൃഷി ചെയ്തിരുന്നത്. അവധിദിവസങ്ങളിൽ അദ്ദേഹം കൃഷിയിടത്തിലാണ് കൂടുതൽ സമയവും ചിലവിടുക. ഞായറാഴ്ചയായതിനാൽ രാവിലെ ഒമ്പത് മണിയോടെയാണ് കരുണാകരൻ ഏലായിലേക്ക് പോയത്. വെള്ളരികൾ പറിച്ചെടുത്ത് ചാക്കിൽ നിറയ്ക്കുന്നതിനിടെ കടുത്ത ചൂടേറ്റ് കുഴഞ്ഞുവീഴുകയായിരുന്നു. കുഴഞ്ഞുവീണ് കിടന്ന കരുണാകരനെ അടുത്ത പറമ്പിലെ പണിക്കാരും സംഭവമറിഞ്ഞ് ഓടിയെത്തിയ ബന്ധുക്കളും ചേർന്ന് ആദ്യം പാറശാല താലൂക്ക് ആശുപത്രിയിലും പിന്നീട് മെഡിക്കൽ കോളേജിലുമെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

കരുണാകരന് മറ്റ് ആരോഗ്യപ്രശ്നങ്ങളൊന്നും ഉണ്ടായിരുന്നില്ലെന്ന് ബന്ധുക്കൾ പറഞ്ഞു.

സൂര്യാഘാതം പ്രതിരോധിക്കാം

തൊഴിൽ വകുപ്പിന്റെ നിർദ്ദേശങ്ങൾ

- രാവിലെ 11 മുതൽ മൂന്ന് വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കുക
- അയഞ്ഞ, ലൈറ്റ് കളർ പരുത്തി വസ്ത്രങ്ങൾ ധരിക്കുക
- കാപ്പി, ചായ എന്നീ പാനീയങ്ങൾ പകൽ സമയത്ത് ഒഴിവാക്കുക

ദുരന്തനിവാരണ അതോറിട്ടിയുടെ നിർദ്ദേശങ്ങൾ

നിർജ്ജലീകരണം തടയാൻ നല്ലതുപോലെ വെള്ളം കുടിക്കുക

- വാട്ടർ കിയോസ്കുകൾ സ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്തുക
- പരീക്ഷാക്കാലമായതിനാൽ വിദ്യാർത്ഥികളുടെ കാര്യത്തിൽ ശ്രദ്ധ വേണം

വാമനപുരം നദിയിൽ ജലനിരപ്പ് കുറയുന്നു; കുടിവെള്ള പദ്ധതികൾ ആശങ്കയിൽ

വിജയൻ പാലാഴി

ആറ്റിങ്ങൽ: ജില്ലയിലേക്കുള്ള ശുദ്ധജല വിതരണത്തിന്റെ പ്രധാന ആശ്രയ കേന്ദ്രമായ വാമനപുരം നദിയിൽ ജലനിരപ്പ് കുറയുന്നു. ജില്ലയുടെ പ്രധാന പ്രദേശങ്ങളിലേക്കെല്ലാം വെള്ളമെത്തിക്കുന്നത് ഇവിടെ നിന്നാണ്. നദിയുടെ ഒഴുക്ക് നിലച്ചതോടെ അടിത്തട്ട് പൂർണമായും കാണാവുന്ന അവസ്ഥയാണ്.

ഈ സ്ഥിതി തുടർന്നാൽ പത്തു ദിവസത്തിനകം കുടിവെള്ള വിതരണത്തിൽ തടസമുണ്ടാകുമെന്നാണ് സൂചന. ഒരു ദിവസം ഒരടിയിലധികം ജലനിരപ്പ് കുറയുന്നെന്നാണ് കണക്ക്. വെള്ളം കരുതലോടെ ഉപയോഗിക്കണമെന്നാണ് വാട്ടർഅതോറിട്ടി അധികൃതർ നൽകുന്ന നിർദ്ദേശം. പ്രദേശത്തെ പല സ്ഥലങ്ങളും ഇപ്പോൾ വരൾച്ചയുടെ വക്കിലാണ്.

വാമനപുരം നദിയിലെ തടയണ (ഫയൽ ഫോട്ടോ)

KAUMUDI ALERT

ചെറുതും വലുതുമായ നിരവധി പദ്ധതികളാണ് പലയിടങ്ങളിലായി ഈ നദിയിലുള്ളത്. ചിറയിൻകീഴ്, വർക്കല താലൂക്കുകളിൽ പൂർണമായും നെടുമങ്ങാട് താലൂക്കിൽ ഭാഗികമായും കഴക്കൂട്ടം മേനംകുളം പ്രദേശങ്ങളിലും വിതരണം ചെയ്യുന്നത് വാമനപുരം നദിയിലെ വെള്ളമാണ്. പ്രതിദിനം മുന്നൂറുമുതൽ അഞ്ഞൂറുവരെ ടാങ്കർ ലോറികൾ വഴി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കുടിവെള്ളമെത്തിക്കുന്നുണ്ട്. ചിറയിൻകീഴ്, വർക്കല താലൂക്കുകളിലെ തീരപ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. പൈപ്പുവെള്ളമാണ് ഇവിടുള്ളവരുടെ ഏക ആശ്രയം. വർക്കലയിൽ ഇടവ, വെട്ടൂർ, ഹരിഹരപുരം, കെടാകുളം, തോണിപ്പാറ, ചിറയിൻകീഴ് താലൂക്കിലെ അഞ്ചുതെങ്ങ്, കടയ്ക്കാവൂർ, ചിറയിൻകീഴ്, മുതലപ്പൊഴി, വക്കം, കിഴുവിലം, മടവൂർ, കക്കോട്, പനപ്പാംകുന്ന്, നഗരൂർ, പുളിമാത്ത്, കരവാരം പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളെല്ലാം കുടിവെള്ളക്ഷാമത്തിന്റെ പിടിയിലാണ്.

റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോ. സംസ്ഥാന സമ്മേളനം

നെടുമങ്ങാട്: ആൾ കേരള റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനം 26, 27 തീയതികളിൽ നാലാഞ്ചിറ ഗിരിദീപം ആഡിറ്റോറിയത്തിൽ നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

നാളെ രാവിലെ പത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ജോണി നെല്ലൂർ അദ്ധ്യക്ഷനാവും. മന്ത്രി തിലോത്തമൻ ധനസഹായ വിതരണം നിർവഹിക്കും.

പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല മുതിർന്ന റേഷൻ വ്യാപാരികളെ ആദരിക്കും. ഭക്ഷ്യസെക്രട്ടറി മിനി ആന്റണി വെബ്സൈറ്റ് ഉദ്ഘാടനം നിർവഹിക്കും. റേഷൻ കടകൾക്ക് അന്നേ ദിവസം അവധിയായിരിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

മുതുകാടിന്റെ നേതൃത്വത്തിൽ മാജിക് പരിശീലനം

പോത്തൻകോട്: മജീഷ്യൻ ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിൽ പൂജപ്പുരയിലെ മാജിക് അക്കാഡമിയിൽ 9നും 16നും ഇടയ്ക്ക് പ്രായമുള്ളകുട്ടികൾക്കായി ഒരുക്കുന്ന അവധിക്കാല ഇന്ദ്രജാലക്കളരിയുടെ രജിസ്ട്രേഷൻ ആരംഭിച്ചു.

ഏപ്രിൽ 1 മുതൽ ആരംഭിക്കുന്ന ക്ലാസുകൾ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ രാവിലെ 9.30 മുതൽ വൈകിട്ട് 4 വരെയാണ് ക്രമീകരിച്ചിരിക്കുന്നത്.

കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന ഇന്ദ്രജാലക്കളരിയിൽ മാജിക് ക്ലാസുകൾക്ക് പുറമേ യോഗ, സുംബാ ഡാൻസ്, മോട്ടിവേഷൻ, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ, എയ്റോബിക്സ്, കാർട്ടൂൺ, ബലൂൺ ആർട്, ചിത്രരചന പരിശീലനങ്ങൾ, ഭാഷാപരിചയം, സാഹിത്യവേദി, കവി സമ്മേളനം, ചിരിയരങ്ങ് തുടങ്ങിയവയും ഉൾപ്പെടുത്തിയിരിക്കുന്നു.

ഇന്ദ്രജാലത്തിൽ ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിൽ പ്രമുഖമാന്ത്രികർ ക്ലാസുകൾ നയിക്കും. ഇന്ദ്രജാലക്കളരി മേയ് 31 ന് അവസാനിക്കും.

പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾ അക്കാഡമിയുടെ പൂജപ്പുരയിലെ ഓഫീസിൽ ബന്ധപ്പെടുക. ഫോൺ: 9446078535, 9447768535, 0471 2358910.

കനകോത്സവം ചിത്രരചനാമത്സരം

തിരുവനന്തപുരം: പ്രസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 5 മുതൽ 15 വരെ കനകക്കുന്നിൽ സംഘടിപ്പിക്കുന്ന മീഡിയ ആൻഡ് നേച്ചർ എക്സ്പോയുടെ ഭാഗമായി കനകോത്സവം ചിത്രരചനാമത്സരം നടത്തുന്നു.

5ന് വൈകിട്ട് 3.30 മുതൽ 5 വരെ കെ.ജി, എൽ.പി, യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗങ്ങളിലാണ് മത്സരങ്ങൾ. കെ.ജി, എൽ.പി വിഭാഗത്തിന് പ്രത്യേകിച്ച് വിഷയം ഇല്ല. യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗങ്ങൾക്കുള്ള വിഷയം മത്സരത്തിന് തൊട്ടുമുമ്പ് നൽകും.

അന്ന് വൈകിട്ട് 6ന് സൂര്യകാന്തി ആഡിറ്റോറിയത്തിൽ നടക്കുന്ന കനകോത്സവം ഉദ്ഘാടനച്ചടങ്ങിൽ വിജയികൾക്ക് സർട്ടിഫിക്കറ്റും മെമന്റോയും കാഷ് അവാർഡും സമ്മാനിക്കും.

ജില്ലാ കൺവെൻഷൻ

തിരുവനന്തപുരം: എ.ഐ.ടി.യു.സിയുടെ നേതൃത്വത്തിലുള്ള ജില്ലാ വഴിയോര കച്ചവടത്തൊഴിലാളി യൂണിയൻ ജില്ലാ കൺവെൻഷൻ തമ്പാനൂർ മോസ്ക്കിലയിനിലുള്ള സുഗതൻ സ്മാരക ഹാളിൽ ചേർന്നു. എ.ഐ.ടി.യു.സി ജില്ലാ പ്രസിഡന്റ് സോളമൻ വെട്ടുകാട് ഉദ്ഘാടനം ചെയ്തു.

എ.ഐ.ടി.യു.സി ജില്ലാ സെക്രട്ടറി മീനാങ്കൽ കുമാർ, ജില്ലാ വൈസ് പ്രസിഡന്റുമാരായ എം. രാധാകൃഷ്ണൻനായർ, പട്ടം ശശിധരൻ, യൂണിയൻ പ്രസിഡന്റ് പി. എസ്. നായിഡു, യൂണിയൻ വൈസ് പ്രസിഡന്റുമാരായ സുനിൽ മതിലകം, പി. ഗണേശൻനായർ, യൂണിയൻ ജനറൽ സെക്രട്ടറി മൈക്കിൾ ബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു.

ത്രിദിന ശില്പശാല

തിരുവനന്തപുരം: സംസ്ഥാന വനിതാ - ശിശു വികസന വകുപ്പിന്റെ കീഴിൽ പുതുതായി ചുമതലയേറ്റ ചൈൽഡ് വെൽഫെയർ കമ്മിറ്റി/ ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗങ്ങൾ, ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ എന്നിവർക്കായി ഐ.എം.ജിയിൽ സംഘടിപ്പിച്ച ത്രിദിന ശില്പശാലയിൽ നീതിന്യായ സെക്ഷന്റെ ഉദ്ഘാടനം കേരള ലീഗൽ അതോറിട്ടി ചെയർമാനും കേരള ഹൈക്കോടതി ജസ്റ്റിസ് പി. ആർ. രാമചന്ദ്രമേനോൻ പറഞ്ഞു.

ജസ്റ്റിസ് വി. കെ. മോഹനൻ അദ്ധ്യക്ഷത വഹിച്ചു. സ്പെഷ്യൽ സെക്രട്ടറി ബിജു പ്രഭാകർ, വകുപ്പ് ഡയറക്ടർ ഷീബ ജോർജ്ജ്, സംസ്ഥാന ലീഗൽ സർവീസ് അതോറിട്ടി സെക്രട്ടറി കെ. സത്യൻ തുടങ്ങിയവർ സംസാരിച്ചു.

തീരാദുഃഖത്തിന്റെ നാലാം വാർഷികം (25.03.2019)

വിനോദ്. വി
കാറ്റാടിവിള കടയിൽ വീട്, കല്ലംപള്ളി, ശ്രീകാര്യം.
9947818107
- സന്തപ്ത കുടുംബാംഗങ്ങൾ.

വേർപാടിന്റെ 1-ാംവർഷം (25.03.2019)

അനിൽകുമാർ.പി
തോപ്പിൽ പുത്തൻവീട്, മെഡിക്കൽ കോളേജ്.
നിത്യസ്മരണകളോടെ ദുഃഖിതരായ
അച്ഛൻ : പ്രഭാകരൻ,
ഭാര്യ : മിനി,
മകൻ : അനീഷ്,
മരുമകൾ : അഹല്യ,
ചെറുമകൾ : ഹർഷിയ.
മറ്റ് കുടുംബാംഗങ്ങൾ